പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2907 28/01/2014 ൽ മറുപടിയ്ക്ക്

## വടകരയിലെ ഹയർ സെക്കൻഡറി സ്കൂളുകളിൽ സീറ്റ് വർദ്ധിപ്പിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി.കെ. നാണു : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | വടകര താലൂക്ക് സമുച്ചയത്തിൽ നേരത്തെ വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസായി ഉപയോഗിച്ച കെട്ടിടം ഒരു ഓഡിറ്റോറിയം ആക്കി ഉപയോഗിക്കാൻ നിർദ്ദേശം നൽകുമോ ; | (എ) | വടകര താലൂക്ക് സമുച്ചയത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസ് പ്രവർത്തിച്ചുവരുന്ന കെട്ടിടത്തിൽ നിന്നും, ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയതിനെ തുടർന്ന് ടി കെട്ടിടത്തിൽ ടെക്സ്റ്റ് ബുക്ക് ഓഫീസ് പ്രവർത്തിച്ചു വരികയാണ്. കൂടാതെ എസ്.എസ്.എൽ.സി. -യുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിനും, ബിൽ ഒ.സി.-കൾ സൂക്ഷിക്കുന്നതിനും, വിദ്യാഭ്യാസ ഓഫീസ് റിക്രിയേഷൻ ക്ലബ്ബായി ഉപയോഗിക്കുന്നതിനും ഓഫീസ് മാറ്റുന്നതിന് മുമ്പുള്ള ഫയലുകളും ബിൽ ഒ.സി.-കളും സൂക്ഷിക്കുന്നതിനും പ്രസ്തുത കെട്ടിടം ഉപയോഗിച്ചു വരികയാണ്. മുകളിൽ പറഞ്ഞിരിക്കുന്ന അടിയന്തിര പ്രാധാന്യമുള്ള രേഖകൾ സൂക്ഷിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം ലഭ്യമായാൽ മാത്രമേ മറ്റ് ആവശ്യങ്ങൾക്ക് ടി കെട്ടിടം ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | വടകരയിലെ ബി.ഇ.എം. ഹൈസ്കൂൾ, മദ്രസ്സ ഹൈസ്കൂൾ, ജെ.എൻ.എം. ഹൈസ്കൂൾ, ട്രയിനിംഗ് ഹൈസ്കൂൾ, ചോറോട് ഹൈസ്കൂൾ, അഴിയൂർ ഹൈസ്കൂൾ, മടപ്പള്ളി ഹൈസ്കൂൾ എന്നിവിടങ്ങളിൽ എസ്.എസ്.എൽ.സി-ക്ക് കഴിഞ്ഞവർഷം എത്ര കുട്ടികൾ പരീക്ഷ എഴുതിയെന്ന് വ്യക്തമാക്കാമോ ; | (ബി) | വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് വിജയം നേടുന്ന 95% വിദ്യാർത്ഥികളും ഹയർ സെക്കൻഡറിക്ക് ചേരുന്നതിനാൽ ഇതിനാവശ്യമായ സീറ്റ് ഈ വിദ്യാലയങ്ങളിൽ ഉണ്ടാകുമോ ; | (സി) | ഇല്ല |

(ഡി) വടകര മേഖലയിലെ ഹൈസ്കൂളുകളിൽ ഹയർ സെക്കൻഡറിയുടെ സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഹയർ സെക്കൻഡറി ഇല്ലാത്ത ഹൈസ്കൂളിൽ, ഹയർ സെക്കൻഡറി അനുവദിക്കുമോ ?

(ഡി) ഗവ/എയ്ഡഡ് മേഖലയിൽ ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത സംസ്ഥാനത്തെ 148 ഗ്രാമ പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിൽ ഒരു സ്കൂളിൽ സയൻസ്, കോമേഴ്സ് എന്നിവയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് രണ്ട് ബാച്ചുകൾ വീതം 296 ബാച്ചുകൾ അനുവദിക്കാനും എറണാകുളം മുതൽ വടക്കോട്ടുള്ള എട്ട് ജില്ലകളിൽ ഹയർ സെക്കന്ററി സീറ്റുകളുടെ കുറവിനാനുപാതികമായും അടിസ്ഥാന സൗകര്യങ്ങളും, എസ്.എസ്.എൽ.സി പാസ്സായ കുട്ടികളുടെ എണ്ണം കണക്കിലെടുത്തും നിലവിലുള്ള ഗവ/ എയ്ഡഡ് ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് രണ്ട് ബാച്ചുകൾ വീതം അനുവദിക്കുന്നതിനും നിലവിലുള്ള ഗവ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഒരു സ്കൂളിൽ ഓരോ അധിക ബാച്ച് എന്ന ക്രമത്തിൽ അധിക ബാച്ച് അനുവദിക്കുന്നതിനും (എറണാകുളം മുതൽ വടക്കോട്ട് ആകെ 382 ബാച്ചുകൾ) അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സ.ഉ.(കൈ) നം. 185/2013/പൊ.വി.വ തീയതി 11.06.2013 പ്രകാരം ഹയർ സെക്കന്ററി ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ഹയർ സെക്കന്ററി ഡയറക്ടർ ആയതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത വിജ്ഞാപന പ്രകാരം സർക്കാർ സ്കൂളുകൾക്ക് മുൻഗണന നൽകി ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരവേ, ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഡബ്ല്യു.പി.(സി) 7540/13 -ഉം അനുബന്ധ കേസുകളിലുമായി 21.08.2013 ലെ വിധി പ്രകാരം പ്രസ്തുത നടപടികൾ മരവിപ്പിച്ചിരിക്കുകയാണ്. ഇതു സംബന്ധമായി ഫയൽ ചെയ്തിരിക്കുന്ന ഡബ്ല്യു.എ 1341/13 -ന്റെ വിധിക്കനുസരിച്ച് മാത്രമേ ഇതു സംബന്ധമായ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | സ്കൂൾ കോഡ് | സ്കൂളിന്റെ പേര് | പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1 | 16001 | ബി.ഇ.എം.എച്ച്.എസ്. വടകര | 249 |
| 2 | 16003 | എം.യു.എം.വി.എച്ച്.എസ്.എസ്. വടകര | 365 |
| 3 | 16006 | ഗവ: എച്ച്.എസ്.എസ്. വടകര (ട്രെയിനിംഗ് സ്കൂൾ) | 68 |
| 4 | 16007 | ഗവ: എച്ച.എസ്.എസ്. ചേറോട് | 186 |
| 5 | 16009 | ജെ.എൻ.എം. ഗവ: എച്ച്.എസ്.എസ്. പുതുപ്പണം | 294 |
| 6 | 16011 | ജി.വി.എച്ച്.എസ്.എസ്. മടപ്പള്ളി | 296 |
| 7 | 16012 | ഗവ: ഗേൾസ്എച്ച്.എസ്.എസ് മടപ്പള്ളി | 326 |
| 8 | 16013 | ഗവ: എച്ച്.എസ്.എസ്. അഴിയൂർ | 92 |
| ആകെ | | | 1876 |